(1) പുതിയ തോട്ടങ്ങളുടെ നിർമ്മാണം
(2) നിലവിലുണ്ടായിരുന്ന തോട്ടങ്ങളുടെ സംരക്ഷണം, പരിപാലനം } 144.05 ലക്ഷം രൂപ

(3) മരാമത്തു പണികൾ 16.46 ലക്ഷം രൂപ

(4) പട്ടികജാതി/പട്ടികവർഗ്ഗ ഗിരിവർഗ്ഗ വികസനം 5.44 ലക്ഷം രൂപ

(5) 1. എ.എൽ.ആർ 43,26,231 രൂപ

2. ആർ.ഡി.എഫ്. 59,79,396 രൂപ

3. ആർ.ആർ.ഡി. 14,66,055 രൂപ

4. പി.എഫ്.എം. 2,81,525 രൂപ

(സി) 4.7 കി.മീ. ദൈർഘ്യമുള്ള ഈ റോഡിന്റെ അറ്റകുറ്റപ്പണികളും റീ മെറ്റലിംഗ് ജോലികളും 28.11.2000-ൽ പൂർത്തീകരിച്ച് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. ടാറിംഗ് ജോലികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടത്താൻ ഉദ്ദേശിക്കുന്നു.

മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽനിന്നും നഷ്ടപ്പെട്ട തടി

91 (426) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാറ്റൂർ ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട കോടനാട് റെയിഞ്ചിൽനിന്നും ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് കമ്പനി അനധികൃതമായി കുമ്പിൾത്തടി കടത്തിക്കൊണ്ടുപോയ സംഭവത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്ത് ശിക്ഷണ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥൻമാരാണ് പ്രസ്തുത കേസ്സ് അന്വേഷിക്കുന്നതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത കേസ്സിന്റെ അന്വേഷണത്തിന് ഉദ്യോഗസ്ഥന്മാരെ ചുമതലപ്പെടുത്തിയത് എന്നാണ്;

(ഇ) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ജി) അനധികൃതമായി കുമ്പിൾ മുറിച്ച് കടത്തിക്കൊണ്ടു പോയതിന് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് കമ്പനിയുടെ പേരിൽ കേസ്സ് ചാർജ്ജ് ചെയ്തിട്ടുണ്ടോ;

(എച്ച്) തടി കടത്തിക്കൊണ്ടുപോയ വകയിൽ സർക്കാരിന് എന്തു തുകയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്;

(ഐ) സർക്കാർ നഷ്ടം പ്രസ്തുത കമ്പനിയിൽനിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജെ) വനംവകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥമൂലം ഉണ്ടായ നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരിൽനിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുമോ;

(കെ) പ്രസ്തുത കേസ്സിൽ അന്നത്തെ മലയാറ്റൂർ ഡി.എഫ്.ഒ. യുടെയും കോടനാട് റെയിഞ്ച് ഓഫീസറുടെയും പങ്ക് എന്താണെന്ന് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ;

(എൽ) പ്രസ്തുത കേസ്സിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥൻമാർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന് അനുവദിച്ച കുമ്പിൾ തടി നഷ്ടപ്പെട്ടതു സംബന്ധിച്ച് വിജിലൻസ് അന്വേഷണം ഉത്തരവായിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല. വകുപ്പുതല അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാരെന്ന് കണ്ടവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) 1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്)

2. ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ & ഇവാലുവേഷൻ) കോഴിക്കോട്

3. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഫ്ളയിംഗ് സ്ക്വാഡ്, എറണാകുളം എന്നിവരാണ് കേസ് അന്വേഷണം നടത്തിയത്.

(ഡി) വനംവകുപ്പിലെ വിജിലൻസ് വിഭാഗത്തിൽ 16.2.1999-ൽ ലഭിച്ച പരാതിയുടെ വെളിച്ചത്തിലാണ് അന്വേഷണ നടപടി ആരംഭിച്ചത്.

(ഇ) ഉണ്ട്.

(എഫ്) 1. ശ്രീ. പി.എൻ. തോമസ്, റെയിഞ്ചാഫീസർ

2. ശ്രീ. എസ്. ഉണ്ണികൃഷ്ണൻ, റെയിഞ്ചാഫീസർ

3. ശ്രീ. ജി. സോമൻ, ഡെപ്യൂട്ടി റെയിഞ്ചാഫീസർ

4. ശ്രീ. എ. രാജൻ, ഫോറസ്റ്റ് ഗാർഡ്

5. ശ്രീ. പി.കെ. പ്രഭാകരൻ, ഫോറസ്റ്റ് ഗാർഡ്

6. ശ്രീ. സി.പി. ഔസേപ്പ്, ഫോറസ്റ്റ് ഗാർഡ്

7. ശ്രീ. എം.ജെ. ജോസഫ്, ഫോറസ്റ്റ് ഗാർഡ്

(ജി) ഇല്ല.

(എച്ച്) 9132 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

(ഐ) ഉണ്ട്. നഷ്ടം ഈടാക്കുന്നതിനായി 25.2.2000-ൽ കമ്പനിക്ക് ചെലാൻ കൊടുത്തിട്ടുണ്ട്.

(ജെ) അച്ചടക്ക നടപടികൾ തീരുന്നമുറയ്ക്ക് ഇതു സംബന്ധിച്ച നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

(കെ) തർക്ക വിഷയമായ കുമ്പിൾത്തോട്ടം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് യൂക്കാലിപ്റ്റസ് ഫംഗസ് ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് നട്ടുവളർത്തിയതാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്ന ഡി.എഫ്.ഒ.യുടെ റിപ്പോർട്ട് ശരിയല്ലെന്ന് വിജിലൻസ് വിഭാഗം ചൂണ്ടി ക്കാണിച്ചിട്ടുണ്ട്. കോടനാട് റെയിഞ്ചാഫീസറുടെ ഭാഗത്തുനിന്നും നോട്ട പിശക് സംഭവിച്ചതായും റിപ്പോർട്ടുണ്ട്.

(എൽ) സ്വീകരിച്ചുവരുന്നു.

'ഫോറസ്റ്റർ തസ്തികയിലുള്ള ഒഴിവുകൾ'

92 (427) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യ ങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം സർക്കിളിൽ നിലവിൽ എത്ര ഫോറസ്റ്റർ തസ്തികക ളുടെ ഒഴിവുകളാണുള്ളതെന്നും 31.1.2001 വരെ എത്ര ഒഴിവുകളുണ്ടാകുമെന്നും വ്യക്തമാക്കാമോ;

(ബി) ഫോറസ്റ്റർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ ഉണ്ടോ;

(സി) ഫോറസ്റ്റർ തസ്തികയിൽ നിയമനം നടത്തുവാൻ സ്പെഷ്യൽ റൂൾ രൂപവൽക്കരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത റൂളിൽ 50% ത്തിൽ അധികം ഒഴിവുകൾ സർവ്വീസ് കാട്ടയിൽനിന്നുള്ളവർക്കായി മാറ്റിവയ്ക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിവിധ അനുപാതം എത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) ഒരു സംവരണവും അൻപതു ശതമാനത്തിൽ അധികമാകരു തെന്ന് സുപ്രീംകോടതി വിധി നിലവിലുള്ളതിനാൽ, നിലവിലുള്ള സ്പെഷ്യൽ റൂളിന് പ്രാബല്യമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) ഓപ്പൺ കാട്ടയിൽനിന്നുള്ള നിയമനം അൻപതു ശതമാന ത്തിനു താഴെയാണെങ്കിൽ സാമുദായിക സംവരണ വ്യവസ്ഥയിലൂടെ നിയ മനം ലഭിക്കുന്നവരുടെ സംഖ്യയിൽ കുറവുണ്ടാകുമോ; എങ്കിൽ നിലവിലുള്ള കുറവ് നികത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31.10.2000 വരെ 11 ഫോറസ്റ്റർമാരുടെ ഒഴിവുകൾ ആണ് ഉണ്ടാ യിരുന്നത്. 31.1.2001 വരെ 6 ഒഴിവുകൾകൂടി ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്. താഴെപ്പറയുന്ന അനുപാതത്തിലാണ് നിയമനം നടത്തിവ രുന്നത്. ഫോറസ്റ്റ് ഗാർഡുമാരുടെ പ്രൊമോഷൻ വഴിയായി 65%, നേരിട്ടുള്ള നിയമനം 25%, മിനിസ്റ്റീരിയൽ വിഭാഗത്തിൽനിന്നുള്ള നിയമനം 10%

(ഇ) സാമുദായിക സംവരണം 50%ത്തിൽ അധികമാകരുതെന്നാണ് സുപ്രീംകോടതി വിധിച്ചിട്ടുള്ളത്. ഇപ്രകാരമുള്ള വിധി സ്പെഷ്യൽ റൂൾ അനു സരിച്ചുള്ള പ്രമോഷനും നേരിട്ടുള്ള നിയമനവും തസ്തികമാറ്റം വഴിയുള്ള നിയ മനവും തമ്മിലുള്ള അനുപാതം നിശ്ചയിക്കുന്നതിന് എതിരല്ല. ആയതിനാൽ സ്പെഷ്യൽ റൂളിന് പ്രാബല്യമുണ്ട്.

(എഫ്) ഫോറസ്റ്റ് ഗാർഡുമാരുടെ തസ്തികകളിലേക്കും മിനിസ്റ്റീരിയൽ വിഭാഗത്തിലേക്കും നേരിട്ടുള്ള നിയമന വിഭാഗത്തിലും നിയമനം നടത്തുന്നത്

LIBRARY ARCHIVES Kerala Legislative Assembly